(സി) 9,27,456 രൂപ (ഇത് താൽക്കാലിക കണക്കാണ്).

(ഡി) വിഷു ബംബർ നറുക്കെടുപ്പിനുശേഷം തൊട്ടടുത്തു നടത്തിയ നറുക്കെടുപ്പിൽ 5,67,129 രൂപ അറ്റാദായം ലഭിച്ചു.

(ഇ) ശരാശരി 36 ലക്ഷം രൂപയുടെ 22.50 ലക്ഷം ടിക്കറ്റുകളം വിൽക്കാറുണ്ട്.

(എഫ്) ശരാശരി 17 ലക്ഷം രൂപ അറ്റാദായം കിട്ടാറുണ്ട്.

(ജി) കൂടുതൽ ബംബർ നറുക്കെടുപ്പ് നടത്തിയും സമ്മാന ഘടനയിൽ പരിഷ്കാരങ്ങളം വരുത്തിയും ഭാഗ്യക്കുറി കൂടുതൽ ലാഭ കരമാക്കാൻ ഉദ്ദേശിക്കുന്നു.

വിൽപ്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ചെയർമാൻ

569 [606] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ചെയർമാൻ സ്ഥാനം എന്നാണ് ഒഴിവു വന്നത്;

(ബി) ഈ സ്ഥാനത്തേക്ക് ഇൻറർവ്യൂ നടത്തി എന്നാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്;

(സി) ഈ ലിസ്റ്റിൽ 1 മുതൽ 5 വരെ റാങ്ക് കിട്ടിയവരുടെ പേരുകളം പറയാമോ;

(ഡി) ഇപ്പോൾ ചെയർമാന്റെ സ്ഥാനം ആരാണ് വഹിക്കുന്നത്;

(ഇ) റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടും ചെയർമാൻ സ്ഥാനം നികത്താത്തതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) 1–6–1984 മുതൽ.

(ബി, സി) ഇതിന്റെ രഹസ്യസ്വഭാവം കണക്കിലെടുത്ത് വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി) കേരളാ സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലെ ലോ ഓഫീസർ ശ്രീ.ഒ.രാമചന്ദ്രൻ നമ്പ്യാർ ഇപ്പോൾ ചെയർമാൻ സ്ഥാനം അഡീഷണൽ ചാർജ്ജായി വഹിക്കുന്നു.

(ഇ) ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്. വളരെ വേഗം ഒഴിവ് നികത്തുന്നതാണ്.

മറ്റു സംസ്ഥാനങ്ങളിലെ സാധനങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നത് തടയാൻ നടപടി

570 [607] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, കർണ്ണാടകം, മാഹി എന്നീ സ്ഥലങ്ങളിൽ സാധനങ്ങൾക്ക് നികുതി നിരക്ക് കുറവായതുമൂലം നികുതി വർദ്ധന യുള്ള കേരളത്തിലേയ്ക്ക് സാധനങ്ങൾ കളവായി കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതു തടയാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly